# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1280     01.07.2015 -ൽ മറുപടിക്ക്**

**ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) വാമനപുരം നിയോജക മണ്ഡലത്തിലെ ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത് എന്നാണെന്ന് അറിയിക്കുമോ; ഇത് എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) വാമനപുരം നിയോജക മണ്ഡലത്തിലെ ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണം 16.07.2010 ലാണ് ആരംഭിച്ചത്. എഗ്രിമെന്റ് പ്രകാരം 06.01.2012 ലാണ് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുവാൻ ഉദ്ദേശിച്ചിരുന്നത്. |
| (ബി) ഈ പാലത്തിന്റെ പണി ദീർഘനാളായി സ്തംഭനത്തിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) പ്രസ്തുത പാലത്തിന്റെ പണികൾ പുനഃരാരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ; എങ്കിൽ എന്നു മുതൽ തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്? | (സി) ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണം ഏറ്റെടുത്തിരുന്ന കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ പ്രസ്തുത പ്രവൃത്തി പൂർണ്ണമായും നിർത്തി വച്ചിരിക്കുന്നതിനാൽ കരാർ റദ്ദ് ചെയ്ത് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ നഷ്ടോത്തരവാദിത്വത്തിൽ ബാക്കി പണികൾ റീടെണ്ടർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ